(ബി) ഈ ഉത്തരവ് നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നിലവിൽ ഇലക്ട്രിസിറ്റി ബോർഡിൽ എത്ര തസ്തികകൾ അധികമാണ് എന്ന് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഈ അധിക തസ്തികകൾ മുഖേന പ്രതിവർഷം എത്ര രൂപ നഷ്ടമുണ്ടാകുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർ ഡപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെയും, (സിവിൽ) ആർ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും (സിവിൽ) തരം താഴ്ത്തി ഉത്തരവിറക്കിയിട്ടുണ്ട്. ചില കേസുകളിൽ ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാൽ ഉത്തരവ് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(സി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(സിവിൽ) . . 55
അസിസ്റ്റന്റ് എഞ്ചിനീയർ .(സിവിൽ) . . 7
സീനിയർ അസിസ്റ്റന്റ് . . 65
ഓഫീസ് അറ്റന്റന്റ് . . . 260

(ഡി) അധിക തസ്തികകൾ മുഖേന എത്ര രൂപ നഷ്ടമുണ്ടാകുന്നു എന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

കോട്ടയം ജില്ലയിൽ കെ.എസ്.ഇ.ബി.യിൽ ലൈൻമാൻ ഗ്രേഡ് 2 ലേക്കുള്ള നിയമനം

197 [2690] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കെ.എസ്.ഇ.ബി.യിൽ ലൈൻമാൻ ഗ്രേഡ് 2 ന്റെ എത്ര തസ്തികകളുണ്ട്; എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു; സർക്കിൾ ആഫീസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ മസ്ദൂർ/വർക്കർ തസ്തികകളിൽ നിന്ന് പ്രൊമോഷൻ നൽകി നിയമിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) ജില്ലയിൽ ഒഴിവുള്ള ലൈൻമാൻ ഗ്രേഡ് 2 തസ്തികകളിലേക്ക് മസ്ദൂർ/വർക്കർമാരെ പ്രൊമോഷൻ നൽകി നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 166 തസ്തികകൾ ഉണ്ട്. 61 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. കോട്ടയം ഇലക്ട്രിക്കൽ സർക്കിൾ ഓഫീസിൽ 104 ലൈൻമാൻ ഗ്രേഡ് 2-ന്റെ തസ്തികകൾ ഉള്ളതിൽ 45 എണ്ണവും പാലാ ഇലക്ട്രിക്കൽ സർക്കിളിൽ 62 ലൈൻമാൻ ഗ്രേഡ് 2-ന്റെ തസ്തികകൾ ഉള്ളതിൽ 16 എണ്ണവും ഒഴിഞ്ഞു കിടക്കുന്നു.

(ബി ആന്റ് സി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ മസ്ദൂർ/വർക്കർ തസ്തികകളിൽ നിന്ന് പ്രൊമോഷൻ നൽകി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

മീറ്റർ റീഡർ, സ്പോട്ട് ബില്ലർ തസ്തിക

198 [2691] ശ്രീ. ടി. എൻ. പ്രതാപൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, എം. എ. ചന്ദ്രശേഖരൻ:

,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ മീറ്റർ റീഡർ, സ്പോട്ട് ബില്ലർ തസ്തികയിൽ ഇപ്പോൾ മൊത്തം എത്ര സ്ഥിരം ഒഴിവുകളാണുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകളുടെ വിവരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഈ തസ്തികയിലേക്കുള്ള നിയമനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) എന്നുമുതലാണ് വിലക്കുള്ളത്;

(ഇ) റിപ്പോർട്ട് ചെയ്ത ഒഴിവിലേക്ക് നിയമനം നടത്താതിരുന്നതെന്തുകൊണ്ടാണ്;

(എഫ്) പ്രസ്തുത തസ്തികയിൽ വർക്ക് അറേഞ്ച്മെന്റിൽ ബോർഡിലെ ഏതെല്ലാം തസ്തികയിലുള്ള ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നു;

(ജി) എന്തടിസ്ഥാനത്തിലാണ് ഇവരെ ഈ ജോലിക്ക് നിയോഗിച്ചിട്ടുള്ളത്;

(എച്ച്) ഇവരെക്കൂടാതെ വേറെ എത്രപേരെ ഡെയ്ലി വേജസ്, കോൺട്രാക്ട് എന്നീയടിസ്ഥാനത്തിൽ ഈ തസ്തികയിൽ നിയമിച്ചിട്ടുണ്ട്;

(ഐ) മീറ്റർ റീഡർ, സ്പോട്ട് ബില്ലർ തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly